LIBRARY ARCHIVES Kerala Legislative Assembly

മദ്യനയംമൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് പകരം തൊഴിൽ നൽകുന്നതിന് നടപടി

44 [1761] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാരിന്റെ മദ്യനയംമൂലം സംസ്ഥാനത്ത് മദ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെട്ടതെന്ന് വ്യക്തമാക്കുമോ ;

(ബി) മദ്യനയംമൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് പകരം തൊഴിൽ നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആന്റ് (ബി) സർക്കാരിന്റെ നിലവിലുള്ള മദ്യനയമനുസരിച്ച് നിർത്തലാക്കിയ 1610 കള്ളുഷാപ്പുകളിലെ തൊഴിലാളികളെ മറ്റു ഷാപ്പുകളിലേക്ക് പുനർവിന്യാസം നടത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വടക്കാഞ്ചേരിയിലെ എക്സൈസ് റെയ്ഞ്ച് സർക്കിൾ ആഫീസുകൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി

45 [1762] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയ്ഡിൽ പിടിച്ച ചാരായം, സ്പിരിറ്റ്, തൊണ്ടിസാധനങ്ങൾ എന്നിവ സൂക്ഷിക്കാൻ എക്സൈസ് റെയ്ഞ്ചാഫീസുകളിൽ സ്ഥലമില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വടക്കാഞ്ചേരിയിലെ എക്സൈസ് റെയ്ഞ്ച്, സർക്കിൾ ആഫീസുകൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട് ;

(ബി) വടക്കാഞ്ചേരിയിലെ എക്സൈസ് റെയ്ഞ്ചോഫീസ് സർക്കാർ കെട്ടിടത്തിലും സർക്കിൾ ആഫീസ് വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. പുതുതായി കെട്ടിടം പണിയുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.